I/82008/2023

## വനിത ശിശുവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ ശ്രീമതി.പ്രിയങ്ക. ജി.ഐ.എ.എസ്. വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി,SCPS)

വിഷയം:- വനിത ശിശു വികസന വകുപ്പ്- ഐ.സി.പി.എസ് - ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ- മിഷൻ വാൽസല്യ പദ്ധതി - നടപ്പ സാമ്പത്തിക വർഷx- സെൻട്രൽ സ്പോൺസർഷിപ്പ് തുക അനുവദിച്ചുത്തരവാകുന്നു--

പരാമർശം:

1. കേന്ദ്ര സർക്കാരിൻെറ 21.11.2022 ലെ കത്ത് നമ്പർ. CW-II-22/3/2021-CW-II (e-92843)
2. 17.12.2022 ലെ സ.ഉ.(സാധാ) നം.550/2022/WCDD നമ്പർ സർക്കാർ ഉത്തരവ്
3. ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ അപേക്ഷകൾ
4. ഈ ഓഫീസിലെ 08.02.23 ലെ DWCD/308/2023/ICPS-13 ഉത്തരവ്.
5. കേന്ദ്ര സർക്കാരിൻെറ 04.01.2023 ലെ CW-II/5/2020-CW-II (e-85370) നമ്പർ കത്ത്

### ഉത്തരവ് നം. DWCD/362/2023-ICPS 13 തീയതി: 17-02-2023

വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയുടെ സെൻട്രൽ സ്പോൺസർഷിപ്പിനായി നടപ്പ സാമ്പത്തിക വർഷം 2,44,72,800/- രൂപ പരാമർശം (1) പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. ആയതിൻെറ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സംസ്ഥാന വിഹിതമായി 1,63,15,200/- രൂപ കൂടി പരാമർശം (2) പ്രകാരം അനുവദിച്ചിട്ടുണ്ട്.

നടപ്പ സാമ്പത്തിക വർഷം സെൻട്രൽ സ്പോൺസർഷിപ്പ് പദ്ധതിയ്ക്കായി ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

നടപ്പ സാമ്പത്തിക വർഷം മിഷൻ വാൽസല്യ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (4) പ്രകാരം ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ അപേക്ഷകൾ പരിഗണിച്ച് , പരാമർശം (4) പ്രകാരം ഭരണാനുമതി ലഭിച്ച തുകയിൽ നിന്നും ജില്ലകൾക്ക് സെൻട്രൽ സ്പോൺസർഷിപ്പ് പദ്ധതിക്കായി ചുവടെ ചേർക്കും പ്രകാരം തുക അനുവദിയ്ക്കേണ്ടതുണ്ട്.

| ക്രമ നമ്പർ | അനുവദിക്കേണ്ട ജില്ല | അനുവദിക്കേണ്ട തുക |
|---|---|---|
| 1 | ജില്ലാ വനിത ശിശു വികസന ഓഫീസർ, തിരുവനന്തപുരം | 20,00,000/- |
| 2 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കൊല്ലം | 19,68,000/- |
| | | |

| | | |
|---|---|---|
| 3 | ജില്ലാ വനിത ശിശു വികസന ഓഫീസർ, പത്തനംതിട്ട | 20,68,000/- |
| 4 | ജില്ലാ വനിത ശിശു വികസന ഓഫീസർ, ആലപ്പുഴ | 19,84,000/- |
| 5 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കോട്ടയം | 20,16,000/- |
| 6 | ജില്ലാ വനിത ശിശു വികസന ഓഫീസർ, ഇടുക്കി | 20,64,000/- |
| 7 | ജില്ലാ വനിത ശിശു വികസന ഓഫീസർ, എറണാകുളം | 20,00,000/- |
| 8 | ജില്ലാ വനിത ശിശു വികസന ഓഫീസർ, തൃശ്ശൂർ | 5,22,600/- |
| 9 | ജില്ലാ വനിത ശിശു വികസന ഓഫീസർ, പാലക്കാട് | 23,16,000/- |
| 10 | ജില്ലാ വനിത ശിശു വികസന ഓഫീസർ, മലപ്പുറം | 19,68,000/- |
| 11 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കോഴിക്കോട് | 18,36,000/- |
| 12 | ജില്ലാ വനിത ശിശു വികസന ഓഫീസർ, വയനാട് | 19,20,000/- |
| 13 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കണ്ണൂർ | 17,60,000/- |
| 14 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കാസർഗോഡ് | 21,84,000/- |
| | ആകെ തുക | 2,66,06,600 |

**മേൽപട്ടിക പ്രകാരമുള്ള 2,66,06,600/-രൂപ (രണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി ആറായിരത്തി അറുന്നൂറ് രൂപ മാത്രം) സെൻട്രൽ സ്പോൺസർഷിപ്പ് പദ്ധതിക്കായി ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്ക് അനുവദിച്ചുത്തരവാകുന്നു.**

2,66,06,600/-രൂപ (**രണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി ആറായിരത്തി അറുന്നൂറ് രൂപ** മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്.ന്റെ **Scheme Code KL 242** സ്കീമിൻറെ വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ പേരിലുള്ള **SNA** അക്കൗണ്ട് ആയ **IDBI Bank 0889104000111737 IFSC Code. IBKL0000889** എന്ന അക്കൗണ്ടിൽ 1.37 എന്ന കംപോണൻറിൽ നിന്നും അതാത് ജില്ലാ വനിത ശിശു വികസന ഓഫീസറുടെ പേരിൽ അനുവദിക്കേണ്ടതും ജില്ലാ വനിത ശിശു വികസന ഓഫീസർ ടി തുക അതാതു ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് അലോട്ട്മെൻറായി അനുവദിക്കേണ്ടതുമാണ്.

മിഷൻ വാത്സല്യ പോർട്ടൽ സജ്ജമാകാത്ത സാഹചര്യത്തിൽ, സ്ഥാപനേതര പുനരധിവാസ പദ്ധതികളായ സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ, ആഫ്റ്റർ കെയർ എന്നിവ നിലവിൽ സംസ്ഥാന സർക്കാർ പിന്തുടരുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിതരണം ചെയ്യേണ്ടതാണെന്ന് പരാമർശം (5) പ്രകാരം നിർദേശം ലഭിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ നിലവിലെ ഫോസ്റ്റർകെയർ ആന്റ് സ്പോൺസർഷിപ്പ് അപ്രൂവൽ കമ്മിറ്റി ചേർന്ന് സ്പോൺസർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ സ്വീകരിക്കേണ്ടതും ആയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും മിഷൻ വാത്സല്യ പോർട്ടൽ സജ്ജമായാൽ ഉടൻതന്നെ പോർട്ടലിൽ എൻട്രി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽപ്പട്ടിക പ്രകാരം ജില്ലകൾക്ക് അനുവദിക്കുന്ന തുകയുടെ കൈപ്പറ്റ് രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു

I/82008/2023

തരേണ്ടതുമാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ ശിശു സംരക്ഷണ
ഓഫീസർമാർക്കും.

പകർപ്പ് :

1. സൂപ്രണ്ട്.എ.സെക്ഷൻ(PFMS)
2. എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
3. ഐ.സി.പി.എസ്-10
4. .സ്റ്റോക്ക് ഫയൽ

Signed by Priyanka G
Date: 17-02-2023 18:32:46